ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## REGIONAL BULLETIN

**DATE: 15.03.2025** | പ്രധാന വാർത്തകൾ | **TIME : 12.30 PM**

1. ഉപഭോക്തൃ സംസ്കാരം ശക്തിപ്പെടുത്താൻ സംസ്ഥാനത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് മന്ത്രി ജി ആർ അനിൽ.

2. ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ 2.44 കോടി രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

3. ലഹരിക്കടത്തിനും ഉപയോഗത്തിനുമെതിരെ ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതെന്നും ലഹരിക്കെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മന്ത്രി പി എ മുഹമ്മദ് റിയാസ്.

4. സംസ്ഥാനത്ത് ചൂട് കൂടുന്നു. പാലക്കാട് താപനില 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയെന്ന് മുന്നറിയിപ്പ്.

5. വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ് - ഡൽഹി ക്യാപിറ്റൽസ് പോരാട്ടം.

*****************************************************

## ലോക ഉപഭോക്തൃ അവകാശ ദിനം

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. ഉപഭോക്താക്കളുടെ അവകാശങ്ങളും സംരക്ഷണവും ഉയർത്തിപ്പിടിക്കേണ്ടതിന്റെ ആവശ്യകതയെ ഓർമ്മപ്പെടുത്തി എല്ലാ വർഷവും മാർച്ച് 15 ന് ഉപഭോക്തൃ അവകാശ ദിനം ആഘോഷിക്കുന്നു. സുസ്ഥിര ജീവിതശൈലിയിലേക്കുള്ള നീതിയുക്തമായ പരിവർത്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം.

******************************

ഹെഡ്‌ലൈൻ-1

## ഉപഭോക്തൃ അവകാശ ദിനം-ജി ആർ അനിൽ

ഉപഭോക്തൃ സംസ്കാരം ശക്തിപ്പെടുത്താൻ സംസ്ഥാനത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് മന്ത്രി ജി ആർ അനിൽ. അമിത ഉപഭോഗം നിയന്ത്രിച്ചു കൊണ്ട് പരിസ്ഥിതി സൗഹൃദ പരമായ ഉപയോഗശീലങ്ങൾ വളർത്തിയെടുക്കണം. ഭാവി തലമുറയെ കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു ഉപഭോക്തൃ സംസ്കാരം രൂപപ്പെടുത്തണമെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

******************************

ഹെഡ്‌ലൈൻ-2

## ഖാദി തൊഴിലാളികൾക്കായി 2.44 കോടി രൂപ

ഖാദി തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനായി **2.44 കോടി രൂപ** അനുവദിച്ചതായി ധനകാര്യ മന്ത്രി കെ എൻ ബാലഗോപാൽ. ഖാദി നൂൽനൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉൽപാദക ബോണസും ഉൽസവ ബത്തയുമടക്കം വിതരണം ചെയ്യാൻ തുക ഉപയോഗിക്കും. 12,500 തൊഴിലാളികൾക്കാണ് ആനുകൂല്യം ലഭിക്കുക.

******************************

**രമേശ് ചെന്നിത്തല**

കേരളത്തിലെ കലാലയങ്ങളിലും ഹോസ്റ്റലുകളിലും ലഹരിവസ്തുക്കൾ വ്യാപകമായി വിതരണം ചെയ്യുന്നതും ഉപയോഗിക്കുന്നതും എസ് എഫ് ഐ സംഘടനയാണെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല. ഒൻപത് വർഷമായി കേരളം ഭരിക്കുന്ന മുഖ്യമന്ത്രിക്ക് മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യാൻ ഇതുവരെ കഴിഞ്ഞിട്ടില്ലെന്നും ശ്രീ ചെന്നിത്തല ആരോപിച്ചു.

*****************************

**ഹെഡ്‌ലൈൻ-3**

**പി എ മുഹമ്മദ് റിയാസ് (ഇൻട്രോ)**

ലഹരിക്കടത്തിനും ഉപയോഗത്തിനുമെതിരെ ശക്തമായ നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. യുവജന വിദ്യാർഥി സംഘടനകൾ പ്രത്യേകിച്ചും എസ് എഫ് ഐ, ലഹരിയ്ക്കെതിരെ തുടർച്ചയായി ക്യാമ്പയിൻ ചെയ്തുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. രാഷ്ട്രീയത്തിനതീതമായി ലഹരിക്കെതിരെ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മന്ത്രി വ്യക്തമാക്കി. രമേശ് ചെന്നിത്തലയുടെ ആരോപണങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

**(ഹോൾഡ് വോയിസ്)**

അതേസമയം, ലഹരിവ്യാപനത്തിന്റെ ഉറവിടം കണ്ടെത്തണമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ ആവശ്യപ്പെട്ടു.

*****************************

**കളമശ്ശേരി-അറസ്റ്റ്**

കളമശ്ശേരി പോളിടെക്നിക് കോളേജ് ഹോസ്റ്റലിൽ നിന്ന് കഞ്ചാവ് ശേഖരം പിടികൂടിയ സംഭവത്തിൽ രണ്ടു പേരുടെ അറസ്റ്റ് കൂടി രേഖപ്പെടുത്തി. പൂർവ വിദ്യാർത്ഥികളായ ആഷിഖ്, ഷാലിൻ എന്നിവരാണ് പിടിയിലായത്. ഹോസ്റ്റലിൽ കഞ്ചാവ് എത്തിച്ചത് ഇവരാണെന്നാണ് പ്രാഥമിക നിഗമനം. കൂടുതൽ തെളിവുകൾ ശേഖരിച്ചുവരികയാണെന്ന് തൃക്കാക്കര ACP, പി വി ബേബി മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാവരെയും കൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ കസ്റ്റടിയിലെടുക്കാനുള്ള നടപടികൾ നടന്നുവരികയാണെന്ന് അദ്ദേഹം പറഞ്ഞു.

******************************

## ലഹരി വിപത്ത്-എൻഎസ്എസ് ക്യാംപെയ്ൻ

ലഹരി വിപത്തിനെതിരെ നാഷണൽ സർവീസ് സ്കീമിന്റെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രത്യേക ക്യാംപെയ്നിന് തുടക്കം കുറിക്കുന്നു. 'ലൈഫ് ഈസ് ബ്യൂട്ടിഫുൾ' എന്ന ക്യാമ്പയിനിന്റെ സംസ്ഥാനതല ഉദ്ഘാടനം തിങ്കളാഴ്ച ഉച്ചയ്ക്കു തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മന്ത്രി ആർ ബിന്ദു നിർവഹിക്കും. ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 1000 കേന്ദ്രങ്ങളിൽ എൻഎസ്എസ് യൂണിറ്റുകൾ ലഹരിക്കെതിരെ ജനജാഗ്രതാ സദസ്സുകൾ ഒരുക്കും. ഈ മാസം 25 വരെയാണ് ക്യാമ്പയിനിന്റെ ആദ്യഘട്ടം

******************************

## ആലപ്പുഴ (ഇൻട്രോ )

ആലപ്പുഴ വേമ്പനാട്ടുകായലിൽ മീനുകൾ കൂട്ടത്തോടെ ചത്തുപൊങ്ങുന്നു. മുഹമ്മ, തണ്ണീർമുക്കം പ്രദേശങ്ങളിൽ കരിമീൻ കൂരി തുടങ്ങിയ മീനുകളാണ് ചത്തുപൊങ്ങിയത് പ്രദേശത്ത് കക്ക പൊട്ടി പോകുന്ന സാഹചര്യവും ഉണ്ട്. സംഭവത്തിന്റെ കാരണം കണ്ടെത്താൻ ഫിഷറീസ് വകുപ്പ്

അധികൃതർ ചത്ത മീനുകളെ ശേഖരിച്ചു പരിശോധനയ്ക്കായി അയച്ചു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ...**

(വോയിസ്)

******************************

## വികസിത് ഭാരത് യൂത്ത്പാർലമെന്റ്

കേന്ദ്ര യുവജന കാര്യകായിക മന്ത്രാലയം സംഘടിപ്പിക്കുന്ന വികസിത് ഭാരത് യൂത്ത്പാർലമെന്റ് മത്സരങ്ങളുടെ രജിസ്ട്രേഷൻ നാളെ അവസാനിക്കും. 18നും 25നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് പങ്കെടുക്കാം. 'വികസിത ഭാരതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?' എന്ന വിഷയത്തിൽ ഒരു മിനിറ്റ് ദൈർഘ്യമുള്ള പ്രസംഗ വീഡിയോ പോർട്ടലിൽ അപ് ലോഡ് ചെയ്താണ് രജിസ്റ്റർ ചെയ്യേണ്ടത്. വിജയികളാകുന്ന 3 പേർക്ക് പാർലമെന്റ് മന്ദിരത്തിൽ സംഘടിപ്പിക്കുന്ന ദേശീയതല മത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടാകും.

******************************

## കുടുംബശ്രീ സ്നേഹിത

സംസ്ഥാനത്തെ ഡിവൈ.എസ്.പി/എ.സി.പി ഓഫിസുകളുടെ പരിധിയിൽ വരുന്ന പൊലീസ് സ്റ്റേഷനുകളിൽ നടപ്പാക്കുന്ന കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് പാലക്കാട്ട് മന്ത്രി എം.ബി രാജേഷ് നിർവഹിക്കും. പോലീസ് സ്റ്റേഷനുകളിൽ എത്തുന്നവരിൽ ആവശ്യമുള്ളവർക്ക് കൗൺസിലർമാരെ ചുമതലപ്പെടുത്തി മാനസിക പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ലിംഗാധിഷ്ഠിത

അതിക്രമങ്ങൾ, കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ, കുടുംബ പ്രശ്നങ്ങൾ, മാനസിക പിന്തുണ ആവശ്യമായ മറ്റ് കേസുകൾ എന്നിവയാണ് എക്സ്റ്റൻഷൻ സെന്ററിലേക്ക് റഫർ ചെയ്യുക.

******************************

**ശബരിമല (ഇൻട്രോ)**

മീനമാസപ്പുലരിയിൽ ഭക്തജനത്തിരക്കിൽ സന്നിധാനം. പുതിയ ദർശനരീതി ആരംഭിച്ചെങ്കിലും തിരക്ക് കൂടിയതിനാൽ ഇന്നു രാവിലെമുതൽ മേൽപ്പാലം വഴിയും തീർഥാടകരെ ദർശനത്തിനായി കയറ്റുന്നുണ്ട്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

(വോയിസ്)

******************************

**സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി-കോഴിക്കോട്**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനവും പദ്ധതി വിശദീകരണവും നാളെ ബിഇഎം ഗേൾസ് ഹൈസ്കൂളിൽ നടക്കും. മന്ത്രി പി എ മുഹമ്മദ് റിയാസ് പദ്ധതി പ്രഖ്യാപനം നടത്തും. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിക്ക് പൊതുവിദ്യാഭ്യാസവകുപ്പ് രൂപം നൽകിയിരിക്കുന്നത്.

******************************

ഹെഡ്‌ലൈൻ-4

**സംസ്ഥാനം-ചൂട്**

സംസ്ഥാനത്ത് ചൂട് കൂടുന്നു. ഇന്ന് പാലക്കാടും, തൃശൂർ, കോഴിക്കോട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ ചിലയിടങ്ങളിലും താപനില 38 മുതൽ 40 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്. കഴിഞ്ഞ 24 മണിക്കൂറിൽ രേഖപ്പെടുത്തിയ അൾട്രാവയലറ്റ് സൂചികയിൽ സംസ്ഥാനത്ത് രണ്ടിടങ്ങൾ ഉയർന്ന ലെവൽ രേഖപ്പെടുത്തി. ചൂട് അധികരിച്ച സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രതാ നിർദേശങ്ങൾ പുറപ്പെടുവിച്ചു. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും മുന്നറിയിപ്പുണ്ട്.

******************************

## വികേന്ദ്രീകൃത അന്തരീക്ഷ ഊഷ്മാവ്-കോഴിക്കോട് (ഇൻട്രോ)

വികേന്ദ്രീകൃത അന്തരീക്ഷ ഊഷ്മാവ് അളക്കൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനൊരുങ്ങി കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്. ദുരന്ത നിവാരണത്തിന് വികേന്ദ്രീകൃത വിവരശേഖരം പ്രയോജനപ്പെടുത്തുന്ന പ്രവർത്തനത്തിന്റെ ഭാഗമായാണിത്.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

******************************

## ഹെഡ്‌ലൈൻ-5

## വനിതാ പ്രീമിയർ ലീഗ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ

ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. തുടർച്ചയായ മൂന്നാം ഫൈനലിനാണ് ഡൽഹി കളിക്കളത്തിൽ ഇറങ്ങുന്നത്. രണ്ടാം കിരീട നേട്ടമാണ് ഹർമൻ പ്രീത് കൗർ നേതൃത്വം നൽകുന്ന മുംബൈ ഇന്ത്യൻസിന്റെ ലക്ഷ്യം.

******************************

## ഫെൻസിങ് ചാമ്പ്യൻഷിപ്പ്

കേന്ദ്ര യുവജന കായിക മന്ത്രാലയത്തിന്റെ കീഴിൽ നടത്തുന്ന ഖേലോ ഇന്ത്യ ഗെയിംസിന്റെ ഭാഗമായി ദേശിയ ഫെൻസിങ് ചാമ്പ്യൻഷിപ്പ് - അസ്മിത ലീഗിന്റെ മൂന്നാം ഘട്ടത്തിനു തുടക്കമായി. ചാമ്പ്യൻഷിപ്പ് ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. എറണാകുളം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ കേരള ഫെൻസിങ് അസോസിയേഷന്റെ നേതൃത്വത്തിൽ അഞ്ചു ദിവസങ്ങളിലായി നടക്കുന്ന മത്സരത്തിൽ നാനൂറിലധികം കായികതാരങ്ങൾ പങ്കെടുക്കും. ചാമ്പ്യൻഷിപ്പ് ചൊവ്വാഴ്ച സമാപിക്കും.

******************************

## അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവെൽ

അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് ഫെസ്റ്റിവെൽ ഈ മാസം 19 മുതൽ 23 വരെ വാഗമണിൽ നടക്കും. 11 രാജ്യങ്ങളിൽ നിന്നുള്ള എൺപത്തിയാറ് പേർ പരിപാടിയിൽ പങ്കെടുക്കും. ഇന്റർനാഷണൽ ടോപ്പ് ലാൻഡിംഗ് അക്യുറസി കപ്പ് ഉൾപ്പെടെ ആറ് മത്സര വിഭാഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഫെഡറേഷൻ എയറോനോട്ടിക് ഇന്റർനാഷണൽ പാരാഗ്ലൈഡിങ് ഫെസ്റ്റിവലിനെ ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്.

******************************

## നൈപുണ്യ പരിശീലനം -സജി ചെറിയാൻ

കേരള നോളജ് ഇക്കോണമി മിഷനും മത്സ്യബന്ധനവകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന തൊഴിൽതീരം പദ്ധതിയുടെ ഭാഗമായി സൗജന്യ നൈപുണ്യ പരിശീലനം നൽകുന്നു. 'കരിയർ കാറ്റലിസ്റ്റ് പ്രോഗ്രാം' എന്ന പേരിലുള്ള പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈപ്പിൻ റൂറൽ അക്കാദമി ഫോർ മാനേജ്മെൻറ് സ്റ്റഡീസിൽ മന്ത്രി സജി ചെറിയാൻ ഇന്ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് നിർവഹിക്കും.

*

***************

*********************************************